# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 672      09.02.2016-ൽ മറുപടിയ്ക്ക്

## പട്ടികവർഗ്ഗ യുവതി-യുവാക്കൾക്ക് നൈപുണ്യ വികസന പദ്ധതി

ചോദ്യം
ശ്രീ.പി.കെ.ബഷീർ

മറുപടി
ശ്രീമതി.പി.കെ.ജയലക്ഷ്മി
(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും
കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ) | സംസ്ഥാനത്തെ പട്ടികവർഗ്ഗ യുവതി-യുവാക്കൾക്ക് നൈപുണ്യ വികസനത്തിന് എന്തെങ്കിലും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | എ) | സംസ്ഥാനത്തെ പട്ടികവർഗ്ഗ യുവതിയുവാക്കൾക്ക് നൈപുണ്യ വികസന പരിപാലനത്തിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.<br>1. 2013-14 സാമ്പത്തികവർഷം 500 യുവതികൾക്ക് ഓട്ടോറിക്ഷ ഓടിക്കാനുള്ള പരിശീലനം നൽകുകയും ഓട്ടോറിക്ഷ നൽകുകയും ചെയ്തു.<br>2. പട്ടികവർഗ്ഗക്കാർക്കായി പെട്ടിക്കടകൾ, ഫോട്ടോസ്റ്റാറ്റ് കടകൾ തുടങ്ങിയ സ്വയം തൊഴിൽ പദ്ധതികൾ തുടങ്ങുന്നതിനുള്ള ധനസഹായം നൽകിയ പദ്ധതി.<br>3. നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ മുഖേന പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് വിവിധ ട്രേഡിലുള്ള ഡിപ്ലോമ കോഴ്സുകൾ നടപ്പിലാക്കി വരുന്നു.<br>4. കെൽട്രോൺ മുഖേന വിദ്യാർത്ഥികൾക്കായി വിവിധ പരിശീലനങ്ങൾ നൽകുന്നു.<br>5. കോവളത്തെ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ |

| | | | |
|---|---|---|---|
| | | | മാനേജ്മെന്റ് & കാറ്ററിംഗ് ടെക്നോളജി മുഖേന ഹോട്ടൽ മാനേജ്മെന്റ്, കാറ്ററിംഗ് ടെക്നോളജി, ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് എന്നീ കോഴ്സുകൾ നടത്തി.<br>6. കിൻഫ്രയുടെ അപ്പാരൽ ട്രെയിനിംഗ് സെന്ററിൽ വച്ച് തുന്നൽ പരിശീലനം, ഫാഷൻ ഡിസൈനിംഗ് എന്നിവയിൽ പരിശീലനം നൽകി.<br>7. 2014-15 വർഷത്തിൽ തിരുവനന്തപുരത്തെ ഗവ.ആയുർവ്വേദ കോളേജിൽ വച്ച് 30 പട്ടികവർഗ്ഗ യുവതി യുവാക്കൾക്ക് ആയുർവേദ തെറാപ്പിക് കോഴ്സിൽ പരിശീലനം നൽകി.<br>8. സംസ്ഥാനത്തെ ഗവ.പോളിടെക്നിക്കുകളിൽ വച്ച് 138 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കെ.ജി.റ്റി.ഇ പരിശീലനം നൽകി.<br>9. 2014-15 വർഷം കാസർഗോഡ് ജില്ലയിലെ 30 പട്ടികവർഗ്ഗ യുവാക്കൾക്ക് ആർമിയിലേയ്ക്കുള്ള റിക്രൂട്ട്മെന്റിനായി പ്രീ-റിക്രൂട്ട്മെന്റ് പരിശീലനം നൽകി.<br>10. ജില്ലകളിൽ മോട്ടോർ ഡ്രൈവിംഗിനും വിവിധ മത്സരപരീക്ഷകൾക്കുമുള്ള പരിശീലനങ്ങൾ നൽകി വരുന്നു.<br>11. 2015-16-ൽ 75 പട്ടികവർഗ്ഗക്കാർക്ക് പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ നിർമ്മാണം &ക്വാളിറ്റി കൺട്രോൾ, പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങളുടെ ഡിസൈൻ & ഡെവലപ്മെന്റ് എന്നീ കോഴ്സുകൾ കേന്ദ്ര സർക്കാർ സ്ഥാപനമായ സെന്റർ ഫോർ |

| | | | |
|---|---|---|---|
| | | | ബയോപോളിമർ സയൻസ് & ടെക്നോളജി മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്.<br>12. 2015-16-ൽ അട്ടപ്പാടിയിൽ 25 പട്ടികവർഗ്ഗക്കാർക്ക് 6 മാസത്തെ കമ്പ്യൂട്ടർ പരിശീലനം (DCA) ഇലക്ട്രോണിക്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്. |
| ബി) | പ്രസ്തുത പദ്ധതിയുടെ ലക്ഷ്യങ്ങൾ വിശദമാക്കുമോ; | ബി) | തൊഴിൽ സാദ്ധ്യതയുള്ള വിവിധ ട്രേഡുകളിൽ പരിശീലനം നൽകി സ്വകാര്യ മേഖലയിലെ വർദ്ധിച്ചുവരുന്ന തൊഴിൽ മേഖലകളിൽ സ്ഥിര വരുമാനമുള്ള തൊഴിലിൽ ഏർപ്പെടുന്നതിനും സ്വയം തൊഴിൽ കണ്ടെത്തുന്നതിനും അഭ്യസ്തവിദ്യരായ പട്ടികവർഗ്ഗ യുവതീയുവാക്കളെ സജ്ജരാക്കുകയാണ് പ്രസ്തുത പദ്ധതിയുടെ പ്രധാന ലക്ഷ്യം. |
| സി) | പ്രസ്തുത പദ്ധതി നിർവ്വഹണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | | 1. 2013-14 സാമ്പത്തിക വർഷം 500 പട്ടികവർഗ്ഗ യുവതികൾക്ക് ഓട്ടോറിക്ഷ ഓടിക്കുന്നതിനുള്ള പരിശീലനം നൽകുന്നതിനും ഓട്ടോറിക്ഷ നൽകുന്നതിനുമായി 6,82,25,000/-രൂപ വകയിരുത്തുകയും ആയതിൽ 6,74,64,460/-രൂപ ചെലവഴിക്കുകയും ചെയ്തു.<br>2. പട്ടികവർഗ്ഗക്കാർക്കായി പെട്ടിക്കടകൾ, ഫോട്ടോസ്റ്റാറ്റ് കടകൾ, ജില്ലകളിൽ മോട്ടോർ ഡ്രൈവിംഗിനും വിവിധ മത്സര പരീക്ഷകൾക്കുമുള്ള പരിശീലനം തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കുന്നതിനായി |

| | | | |
|---|---|---|---|
| | | | വിവിധ ജില്ലകളുടെ അടിസ്ഥാനത്തിൽ 2013-14-ൽ ആർട്ടിക്കിൾ 275(1) ഉൾപ്പെടുത്തി 375 ഗുണഭോക്താക്കൾക്ക് 200 ലക്ഷം രൂപ ചെലവഴിച്ചു. കൂടാതെ SCA to TSP -ൽ ഉൾപ്പെടുത്തി ജില്ലകൾക്ക് അനുവദിക്കുന്ന തുകയിൽ ഒരു ഭാഗം 500 ഗുണഭോക്താക്കൾക്കായി 300 ലക്ഷം രൂപ ക്ലസ്റ്റർ അടിസ്ഥാനത്തിൽ ലഭിക്കുന്ന പദ്ധതികൾക്ക് അനുവദിച്ചു വരുന്നു.<br>3. നെട്ടൂർ ടെക്നിക്കൽ ട്രെയിനിംഗ് ഫൗണ്ടേഷൻ മുഖേന 2013-14-ൽ പട്ടികവർഗ്ഗ യുവതി യുവാക്കൾക്ക് നൈപുണ്യ വികസന പദ്ധതികൾ ഉൾപ്പെടുത്തി വിവിധ സെന്ററുകളിൽ 100 വിദ്യാർത്ഥികൾക്ക് 3 വർഷത്തെ ഡിപ്ലോമ കോഴ്സ് നടത്തുന്നതിനായി 218.73 ലക്ഷം രൂപ 2 വർഷത്തെ ഫീസായി അനുവദിച്ചിട്ടുണ്ട്. 2014-15-ൽ 300 വിദ്യാർത്ഥികളെ ഉൾപ്പെടുത്തി വിവിധ സെന്ററുകളിൽ 3 വർഷത്തെ ഡിപ്ലോമ കോഴ്സ് നടത്തുന്നതിനായി 588.82 ലക്ഷം രൂപ 2 വർഷത്തെ ഫീസായി അനുവദിച്ചിട്ടുണ്ട്. കൂടാതെ 251 വിദ്യാർത്ഥികളെ നവംബർ മാസത്തിലും (ഒന്നും രണ്ടും വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സ്) 120 വിദ്യാർത്ഥികളെ മാർച്ച് മാസത്തിലും (ഒരു വർഷത്തെ സർട്ടിഫിക്കറ്റ് കോഴ്സ്) തെരഞ്ഞെടുത്ത് |

| | | | |
|---|---|---|---|
| | | | പരിശീലനം നൽകി വരുന്നു. തുക നടപ്പു സാമ്പത്തിക വർഷം തന്നെ അനുവദിക്കുന്നതാണ്.<br>2013-14 മുതൽ നാളിതുവരെ 778 വിദ്യാർത്ഥികളെ പരിശീലനത്തിനായി തെരഞ്ഞെടുത്തതിൽ നിലവിൽ പരിശീലനം തുടർന്നു വരുന്ന 619 വിദ്യാർത്ഥികൾക്ക് 807.55 ലക്ഷം രൂപ ചെലവഴിച്ച് വിവിധ ഘട്ടങ്ങളായി പരിശീലനം നൽകി വരുന്നു.<br>4. കെൽട്രോൺ മുഖേന 2012-13-ൽ 371 വിദ്യാർത്ഥികൾക്ക് വിവിധ പരിശീലനങ്ങൾക്കായി 106.16 ലക്ഷം രൂപയും 2015-16-ൽ 40 വിദ്യാർത്ഥികൾക്കായി 37.46 ലക്ഷം രൂപയും അനുവദിച്ചിരുന്നു.<br>5. 2013-14 സാമ്പത്തിക വർഷം 100 പട്ടികവർഗ്ഗക്കാർക്ക് 2 മാസത്തെ ഫുഡ് പ്രോസസിംഗ് ആന്റ് ബിവറേജ് കോഴ്സിനായി 1,27,486/-രൂപയും 2014-15-ൽ 60 വിദ്യാർത്ഥികൾക്കായി 12.65 ലക്ഷം രൂപയും ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹോട്ടൽ മാനേജ്മെന്റ് ആന്റ് കാറ്ററിംഗ്, കോവളത്തിന് അനുവദിച്ചിരുന്നു.<br>6. കിൻഫ്രയുടെ അപ്പാരൽ ട്രെയിനിംഗ് സെന്ററിൽ വെച്ച് തുന്നൽ പരിശീലനം, ഫാഷൻ ഡിസൈനിംഗ് എന്നിവയിൽ പരിശീലനം നൽകുന്നതിനായി 2013-14 ൽ 140 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായി ഫസ്റ്റ് |

| | | | |
|---|---|---|---|
| | | | ഇൻസ്റ്റാൾമെന്റായി 22 ലക്ഷം രൂപ അനുവദിച്ചിരുന്നു.<br>7. 2014-15 വർഷത്തിൽ 30 പട്ടികവർഗ്ഗ യുവതീയുവാക്കൾക്ക് ആയുർവേദ തെറാപ്പിക് കോഴ്സിനായി 24.53 ലക്ഷം രൂപ ഗവൺമെന്റ് ആയുർവേദ കോളേജിന് അനുവദിച്ചിരുന്നു.<br>8. സംസ്ഥാനത്തെ ഗവൺമെന്റ് പോളിടെക്നിക്കുകളിൽ വച്ച് 138 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് കെ.ജി.ടി.ഇ പരിശീലനം നൽകുന്നതിനായി 40.04 ലക്ഷം രൂപ 2014-15-ൽ അനുവദിച്ചിരുന്നു.<br>9. 2014-15 വർഷം കാസറഗോഡ് ജില്ലയിലെ 30 പട്ടികവർഗ്ഗ യുവാക്കൾക്ക് ആർമിയിലേക്കുള്ള റിക്രൂട്ട്മെന്റിന് പ്രീറിക്രൂട്ട്മെന്റ് പരിശീലനം നൽകുന്നതിനായി 1.38 ലക്ഷം രൂപ ഡിസ്ട്രിക്ട് സൈനിക് വെൽഫെയർ ഓഫീസർ കാസറഗോഡിന് അനുവദിച്ചിരുന്നു.<br>10. 2015-16-ൽ 75 പട്ടികവർഗ്ഗക്കാർക്ക് പ്ലാസ്റ്റിക് ഉൽപ്പന്നങ്ങളുടെ നിർമ്മാണം &ക്വാളിറ്റി കൺട്രോൾ, പ്ലാസ്റ്റിക്ക് ഉൽപ്പന്നങ്ങളുടെ ഡിസൈൻ & ഡെവലപ്മെന്റ് എന്നീ കോഴ്സുകൾ കേന്ദ്ര സർക്കാർ സ്ഥാപനമായ സെന്റർ ഫോർ ബയോപോളിമർ സയൻസ് & ടെക്നോളജി മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്. |

| | | | |
|---|---|---|---|
| | | | 11. 2015-16-ൽ അട്ടപ്പാടിയിൽ പട്ടികവർഗ്ഗക്കാർക്ക് 6 മാസത്തെ കമ്പ്യൂട്ടർ പരിശീലനം (DCA) ഇലക്ട്രോണിക്സ് കോർപ്പറേഷൻ ഓഫ് ഇന്ത്യ ലിമിറ്റഡ് മുഖേന നടപ്പിലാക്കുന്നതിനുള്ള നടപടികൾ പ്രാരംഭഘട്ടത്തിലാണ്. 25 |

സെക്ഷൻ ഓഫീസർ